I/48747/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശനം താല്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2023 ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള താൽക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Five Year LLB 2023-Candidate Portal'** ലെ 'Category List' എന്ന ലിങ്കിൽ പ്രവേശിച്ച് സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ റാങ്ക് അടിസ്ഥാനമാക്കിയുള്ള കാറ്റഗറി ലിസ്റ്റ് പരിശോധിച്ച് ലിസ്റ്റിലെ അവരവരുടെ സ്ഥാനം ബോധ്യപ്പെടേണ്ടതാണ്.

സാധുവായ അനുബന്ധ രേഖകൾ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യാത്ത വിദ്യാർത്ഥികളുടെ സംവരണാനുകൂല്യം തടഞ്ഞിട്ടുണ്ട്. പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരം കേരളീയനായ (Kerala Origin) വിദ്യാർത്ഥികൾക്ക് മാത്രമാണ് വിവിധ സംവരണ ആനുകൂല്യത്തിനും, ഫീസ് ആനുകൂല്യത്തിനും അർഹതയുള്ളത്. നാഷണാലിറ്റി,നേറ്റിവിറ്റി രേഖകളിലെ ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികളുടെയും സംവരണ ആനുകൂല്യം റദ്ദാക്കിയിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾക്ക് സാധുവായ രേഖകൾ അപ്‌ലോഡ് ചെയ്ത് ന്യൂനതകൾ പരിഹരിക്കവുന്നതാണ്. എന്നിരുന്നാലും, ഈ വിദ്യാർത്ഥികളുടെ റദ്ദാക്കപ്പെട്ട സംവരണാനുകൂല്യം (ഉണ്ടെങ്കിൽ) പുനസ്ഥാപിക്കുന്നതല്ല.

താത്ക്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച വിദ്യാർത്ഥികൾക്കുള്ള സാധുവായ പരാതികൾ ഇ.മെയിൽ മുഖാന്തിരം പ്രവേശന പരീക്ഷാ കമ്മീഷണറെഅറിയിക്കാവുന്നതാണ്.പരാതികൾ **ceekinfo.cee@kerala.gov.in** എന്ന മെയിൽ ഐഡിയിലൂടെ **03.09.2023 വൈകിട്ട് 3.00 മണിവരെ** അറിയിക്കാവുന്നതാണ്. സാധുവായ പരാതികൾ പരിശോധിച്ച ശേഷമായിരിക്കും അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. എന്നാൽ വിവിധ സംവരണങ്ങൾക്കുള്ള പുതിയ അപേക്ഷകളോ അവ തെളിയിക്കുന്നതിനുള്ള രേഖകളോ ഈ ഘട്ടത്തിൽ സ്വീകരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

തിരുവനന്തപുരം
02-09-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Approved for Issue

(Joint Commissioner)